# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ജൂലൈ 20**

**JULY 20**

**2018**

***1193 കർക്കിടകം 4 വെള്ളി***

# പത്രക്കുറിപ്പ്-1



www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


**സ്കോളർഷിപ്പ്**

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് ഒറ്റത്തവണ സ്കോളർഷിപ്പിന് അപേക്ഷിക്കാം. എസ്എസ്എൽസി, റ്റിഎച്ച്എസ്എസ്എൽസി, എച്ച്എസ്ഇ, വിഎച്ച്എസ്ഇ, മെഡിക്കൽ, എൻജിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ ബിരുദം, പോളിടെക്നിക്ക്, ബിരുദം, ബിരുദാനന്തര ബിരുദം, എം.ബി.എ, എം.സി.എ എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കാണ് സ്കോളർഷിപ്പിന് അർഹത. കുറഞ്ഞത് മൂന്ന് വർഷം തുടർച്ചയായി അംശദായം അടച്ചിട്ടുള്ളവരായിരിക്കണം അപേക്ഷകർ. വിദ്യാർഥികൾ കേരളത്തിലുള്ള കോളേജുകളിൽ റഗുലറായി പഠിക്കുന്നവരാകണം. വിദൂരവിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ പരിഗണിക്കില്ല. നിശ്ചിത മാതൃകയിലുള്ള അപേക്ഷ സെപ്തംബർ 30 വരെ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ സ്വീകരിക്കും. ഫോൺ: 0468 2222709. (പിഎൻപി 2008/18)

**ഭാഗ്യക്കുറി ക്ഷേമനിധി ബോണസ്**

ഭാഗ്യക്കുറി ക്ഷേമനിധിയിൽ നിന്നുള്ള 2018ലെ ഓണം ബോണസ് ബാങ്ക് വഴി മാത്രം വിതരണം ചെയ്യുന്നതിനാൽ മാർച്ച് 31 വരെ അംഗത്വം എടുത്തിട്ടുള്ളതും ഇപ്പോഴും സജീവ അംഗത്വം ഉള്ളവരുമായ എല്ലാ ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങളും അവർ നേരത്തേ ഹാജരാക്കിയിട്ടുള്ള ഐഎഫ്എസ്സി കോഡുള്ള ബാങ്ക് പാസ്ബുക്ക്, ക്ഷേമനിധി പാസ് ബുക്ക്, ആധാർ കാർഡ് (ഉണ്ടെങ്കിൽ) എന്നിവ സഹിതം ഓഫീസിൽ നേരിട്ട് ഹാജരായി

ബോണസ് പട്ടിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്ന് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ അറിയിച്ചു. ആഗസ്റ്റ് 10ന് മുമ്പ് സാക്ഷ്യപ്പെടുത്തൽ പൂർത്തിയാക്കുന്നവർക്ക് മാത്രമേ ഓണം ബോണസ് അനുവദിക്കൂ. അടൂർ താലൂക്കിലുള്ള അംഗങ്ങളുടെ സൗകര്യാർഥം ഈ മാസം 25ന് രാവിലെ 10 മുതൽ അടൂർ ഭാഗ്യക്കുറി സബ് ഓഫീസിലും സാക്ഷ്യപ്പെടുത്തൽ നടത്താം. ഫോൺ: 0468 2222709. (പിഎൻപി 2009/18)

## തൊഴിൽ നൈപുണ്യ കോഴ്സുകൾ

കെൽട്രോണിന്റെ തിരുവനന്തപുരം വഴുതക്കാടുള്ള നോളജ് സെന്ററിൽ ആരംഭിക്കുന്ന തൊഴിൽ നൈപുണ്യ വികസന കോഴ്സുകളിലേക്ക് അപേക്ഷിക്കാം. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ മീഡിയ ഡിസൈനിംഗ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിംഗ്, ഡിപ്ലോമ ഇൻ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റനൻസ് വിത്ത് ഇഗാഡ്ജറ്റ് ടെക്നോളജി, വെബ്ഡിസൈൻ ആൻഡ് ഡെവലപ്മെന്റ്സ്, എൽഒറ്റി, പൈതോൺ, ജാവ, ഡോറ്റ് നെറ്റ്, പിഎച്ച്പി എന്നിവയാണ് കോഴ്സുകൾ. ഫോൺ: 0471 2325154.

(പിഎൻപി 2010/10)

## കംപ്യൂട്ടർ കോഴ്സുകൾ

പി.എസ്.സി നിയമനങ്ങൾക്ക് അംഗീകൃത യോഗ്യതയായുള്ള ഡിസിഎ വേഡ്പ്രോസസിംഗ് ആൻഡ് ഡേറ്റ എൻട്രി കോഴ്സിലേക്കും ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ ആൻഡ് അനിമേഷൻ കോഴ്സുകളിലേക്ക് കെൽട്രോൺ നോളജ് സെന്റർ അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരം തിരുവനന്തപുരം വഴുതക്കാടുള്ള നോളജ് സെന്ററിൽ ലഭിക്കും. ഫോൺ: 0471 2325154. (പിഎൻപി 2011/18)

## കക്കട്ടാറിന്റെ തീരത്തുള്ളവർ ജാഗ്രത പാലിക്കണം

മൂഴിയാർ ഡാമിലെ ജലനിരപ്പ് വ്യത്യാസപ്പെടുന്നതനുസരിച്ച് ഈ മാസം 27 വരെ ഡാമിന്റെ ഷട്ടറുകൾ ഉയർത്തും. ഈ സാഹചര്യത്തിൽ മൂഴിയാർ മുതൽ സീതത്തോട് വരെയുള്ള ഭാഗങ്ങളിൽ കക്കട്ടാറിന്റെ തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. (പിഎൻപി 2012/8)

## കർഷകരെ ആദരിക്കുന്നു

പത്തനംതിട്ട നഗരസഭയിലെ കൃഷിഭവനിൽ ആഗസ്റ്റ് 17ന് മികച്ച കർഷകരെ ആദരിക്കുന്നു. നഗരസഭ പരിധിയിലുള്ള മികച്ച കർഷകർ ഇതിനുള്ള അപേക്ഷകൾ ആഗസ്റ്റ് അഞ്ചിന് മുമ്പ് കൃഷിഭവനിൽ നൽകണം. (പിഎൻപി 2013/18)

## ക്ഷയരോഗ നിയന്ത്രണം : എൻജിഒകൾക്ക് പങ്കാളികളാകാം

ജില്ലയിൽ കമ്മ്യൂണിറ്റി ലവൽ, പിഎച്ച്ഐ ലെവൽ പ്രവർത്തനങ്ങൾ നടത്തുന്ന എൻജിഒകളെ ക്ഷയരോഗ നിയന്ത്രണ പരിപാടികളിൽ പങ്കാളികളാക്കുന്നു. താത്പര്യമുള്ള എൻജിഒകൾ ഈ മാസം 30ന് വൈകിട്ട് അഞ്ചിന് മുമ്പ് ജില്ലാ ടിബി സെന്ററിൽ അപേക്ഷ നൽകണം. ഫോൺ: 0468 2310890. (പിഎൻപി 2014/18)

## മഴക്കാല ബോധവത്കരണ ക്യാമ്പയിൻ; ജില്ലയിൽ പ്രയാണമാരംഭിച്ചു

മഴക്കാല രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണത്തിനായുള്ള ആരോഗ്യ വകുപ്പിന്റെ ആരോഗ്യജാഗ്രത പ്രചാരണ വാഹനം ജില്ലയിലെത്തി. സംസ്ഥാന ആരോഗ്യ വകുപ്പും ഗ്രാഡിയാസോ ഇവൻറ്സും സംയുക്തമായാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

പത്തനംതിട്ട സ്വകാര്യ ബസ് സ്റ്റാൻഡിൽ നടന്ന ചടങ്ങിൽ ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബി സുഷൻ പ്രചാരണ വാഹനം ഫ്ളാഗ് ഓഫ് ചെയ്തു. മഴക്കാലത്ത് പകർച്ചവ്യാധികൾ പടർന്നു പിടിക്കാൻ സഹചാര്യമുള്ളതിനാൽ എടുക്കേണ്ട മുൻകരുതലുകൾ, പരിസര ശുചീകരണത്തിന്റെയും കൊതുകുകളുടെ ഉറവിട നശീകരണത്തിന്റെയും ആവശ്യകത എന്നിവയെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് പ്രചാരണ വാഹനം ജില്ലയിലെത്തിയത്. ജില്ലയിൽ പ്രത്യേകം തയ്യാറാക്കിയ പ്രചാരണ സന്ദേശങ്ങളും വാഹനത്തിൽ പ്രദർശിപ്പിക്കും. ജില്ലയിൽ അഞ്ചു കേന്ദ്രങ്ങളിലാണ് വാഹനം പര്യടനം നടത്തുക. (പിഎൻപി 2015/18)

## വാസ്തുവിദ്യയിൽ കറസ്പോണ്ടൻസ് കോഴ്സ്

സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തു വിദ്യാഗുരുകുലം, വാസ്തുവിദ്യയിൽ കറസ്പോണ്ടൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഡിപ്ളോമ ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ കോഴ്സിന്റെ ദൈർഘ്യം ഒരു വർഷമാണ്. അംഗീകൃത സർവകലാശാല ബിരുദമാണ് അടിസ്ഥാനയോഗ്യത. സിവിൾ/ആർക്കിടെക്ചർ/ക്വാണ്ടിറ്റിസർവേയിംഗ്&കൺസ്ട്രക്ഷൻ മാനേജ്മെന്റിൽ പോളിടെക്നിക്ക് ഡിപ്ളോമ ഉള്ളവരെയും പരിഗണിക്കും. 300 സീറ്റുകളാണുള്ളത്. ജി.എസ്.ടി. ഉൾപ്പെടെ 17700 രൂപയാണ് കോഴ്സ് ഫീസ്. പ്രോസ്പെക്ടസും അപേക്ഷാഫോറവും തപാലിൽ ലഭിക്കുന്നതിന് ആറന്മുള പോസ്റ്റ്ഓഫീസിൽ മാറ്റാവുന്ന 200 രൂപയുടെ പോസ്റ്റൽ ഓർഡർ/മണിയോർഡർ എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യാഗുരുകുലം, ആറന്മുള, പിൻ:689533, പത്തനംതിട്ടജില്ല എന്ന വിലാസത്തിൽ അയയ്ക്കണം. www.vastuvidyagurukulam.com എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാം. അപേക്ഷ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നവർ 200 രൂപയുടെ പോസ്റ്റൽ ഓർഡർ കൂടി ഉള്ളടക്കം ചെയ്യണം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 31.

(പിഎൻപി 2016/18)

## ആരോഗ്യ സെമിനാർ നടത്തി

മല്ലപ്പള്ളി ബിആർസിയുടെ പരിധിയിലുള്ള സ്കൂളുകളിലെ കാഴ്ചപരിമിതിയുള്ള കുട്ടികൾക്കായി ആരോഗ്യ സെമിനാറും വൈദ്യ പരിശോധനയും നടന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശോശാമ്മ തോമസ് ഉദ്ഘാടനം ചെയ്തു. മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റജി ശാമുവൽ, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാഹിദ ബീവി, ജില്ലാ പഞ്ചായത്ത് അംഗം എസ്.വി.സുബിൻ, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ എബി മേക്കിരങ്ങാട്ട്, കോട്ടാങ്ങൽ പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷ ബിന്ദു, ബിപിഒ രവികുമാർ, ട്രെയിനർ അജയകുമാരൻ തുടങ്ങിയവർ പങ്കെടുത്തു. നേത്രരോഗ വിദഗ്ദ്ധനായ ഡോ.സഞ്ജയ് രാജു സെമിനാറിന് നേതൃത്വം നൽകി. (പിഎൻപി 2017/18)

## ഫോട്ടോ അടിക്കുറിപ്പ്

ആരോഗ്യ വകുപ്പിന്റെ ആരോഗ്യജാഗ്രത പ്രചാരണ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് പത്തനംതിട്ട ബസ് സ്റ്റാൻഡിൽ ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബിസുഷൻ നിർവഹിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ജൂലൈ 20

JULY 20

2018

*1193 കർക്കിടകം 4 വെള്ളി*

# പത്രക്കുറിപ്പ്-2



www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


**പനി: 343 പേർ ചികിത്സ തേടി**

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (20) 343 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ രണ്ട് പേരിൽ ഒരാൾക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. നാല് പേർക്ക് ചിക്കൻപോക്സും ഒരാൾക്ക് ഹെപ്പറ്റൈറ്റിസ് എ യും സ്ഥിരീകരിച്ചിട്ടുണ്ട്. വയറിളക്ക രോഗങ്ങൾക്ക് 57 പേർ ചികിത്സ തേടി. (പിഎൻപി 2018/18)

**ശുചീകരണം ദിനചര്യയാക്കണം – ജില്ലാ കളക്ടർ**

പകർച്ചവ്യാധി ഭീഷണികൾ നേരിടുന്നതിന് ശുചീകരണം എല്ലാവരും ഒരു ദിനചര്യയായി ഏറ്റെടുക്കണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. ഹരിതകേരളം മി ഷൻ തദ്ദേശ സ്ഥാപന കോ-ഓർഡിനേറ്റർമാർക്കുള്ള ഏകദിന ശിൽപശാല കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കളക്ടർ. കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത. ഇത് പരിഹരിക്കുന്നതിന് ഏറ്റവും അടിയന്തരമായി ആവശ്യമുള്ളത് ഉറവിട മാലിന്യ സംസ്കരണമാണ്. വീടുകളിലെ മാലിന്യങ്ങൾ അവിടെത്തന്നെ സംസ്കരിക്കുവാൻ കഴിഞ്ഞാ ൽ അത് പൊതുസ്ഥലങ്ങളിലേക്ക് എത്തില്ല. മാലിന്യ സംസ്കരണം ഒരു സന്ദേശമായി ഏറ്റെടുത്ത് എല്ലാവരും ഇക്കാര്യത്തിൽ ആത്മാർഥമായ ശ്രമങ്ങൾ നടത്തണം. മാലിന്യ സംസ്കരണത്തോടൊപ്പം പ്രകൃതി സംരക്ഷണത്തിനും പ്രാധാന്യം നൽകിയുള്ള പ്രവ

ർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിലെ കോ-ഓർഡിനേറ്റർമാർ നടത്തണമെന്നും കളക്ടർ പറഞ്ഞു.

ജില്ലാ പ്ലാനിംഗ് ഓഫീസർ സോമസുന്ദർ ലാൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അബൂബക്കർ സിദ്ദിഖ് മുഖ്യപ്രഭാഷണം നടത്തി. ജലസംരക്ഷണം, ശുചിത്വമാലിന്യ സംസ്കരണം, കൃഷി, ഗ്രീൻ പ്രോട്ടോക്കോൾ, ഹരിതോത്സവം, ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ റിപ്പോർട്ടിംഗ്, ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ആർ. രാജേഷ്, ശുചിത്വ മിഷൻ സംസ്ഥാന റിസോഴ്സ് പേഴ്സൺ അജയ് എന്നിവർ ക്ലാസുകൾ നയിച്ചു.

(പിഎൻപി 2019/18)

## സമഗ്ര വിദ്യാഭ്യാസപദ്ധതി രണ്ടാം ഘട്ടം സെപ്റ്റംബറിൽ

ആദിവാസി മേഖലയിലെ സാക്ഷരതാനിരക്ക് വർദ്ധിപ്പിക്കുക, വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളുമായി സമഗ്ര വിദ്യാഭ്യാസ പദ്ധതി. ജില്ലാ പഞ്ചായത്ത് ജില്ലാ സാക്ഷരതാമിഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടം സെപ്റ്റംബറോട് കൂടി പൂർത്തിയാകുമെന്ന് സാക്ഷരതാമിഷൻ ജില്ലാ പ്രോജക്ട് കോർഡിനേറ്റർ ഡോ.വി.വി മാത്യു അറിയിച്ചു. ആദിവാസി മേഖലകളിൽ സാക്ഷരതയിലും വിദ്യാഭ്യാസത്തിലും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി പൊതുജനങ്ങളുടേയും സന്നദ്ധസംഘടനകളുടേയും സഹകരണത്തോടെയാണ് പദ്ധതി ജില്ലയിൽ ആരംഭിച്ചത്. ജലം, വായു, ഭക്ഷണം എന്നിവ പോലെ വിദ്യാഭ്യാസവും എല്ലാവർക്കും തുല്യമായി ലഭ്യമാകേണ്ട ഒന്നാണെന്ന ഗാന്ധിയൻ ദർശനമാണ് പദ്ധതിയിലൂടെ സാക്ഷാത്ക്കരിക്കപ്പെടുന്നത്. സെപ്റ്റംബറിൽ തന്നെ പദ്ധതിയുടെ രണ്ടാംഘട്ടവും തുടങ്ങും. റാന്നി പെരുനാട് പഞ്ചായത്തിലെ അട്ടത്തോട്, നാറാണംമുഴി പഞ്ചായത്തിലെ കുരുമ്പൻമുഴി, കരികുളം തുടങ്ങിയ സ്ഥലങ്ങളിലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. അൻപത് വയസിന് മുകളിലുള്ള എഴുപത്തിയൊൻപത് പഠിതാക്കളാണ് ക്ലാസിലുള്ളത്. നാലാം ക്ലാസ് മുതൽ ഹയർസെക്കൻഡറി വരെ ക്ലാസുകളിലുള്ളവരാണ് പഠിതാക്കൾ. പ്രേരക് എന്ന പേരിൽ പ്രത്യേകം പരിശീലനം ലഭിച്ചവരാണ് ക്ലാസുകൾ നയിക്കുന്നത്. മലഅരയർ, മലവേടർ, മലമ്പണ്ടാരം, ഉള്ളാട, കാണി തുടങ്ങിയ വിഭാഗത്തിലുള്ളവരാണ് പഠിതാക്കൾ. മാസത്തിലൊരിക്കൽ ക്ലാസുകൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സന്ദർശിക്കും.

(പിഎൻപി 2020/18)

## വയോജനക്ലബ്ബിൽ ടെലിവിഷൻ അനുവദിച്ചു

കോട്ടാങ്ങൽ പഞ്ചായത്തിലെ വയോജനക്ലബ്ബിൽ അനുവദിച്ച ടി.വിയുടെ സ്വിച്ച് ഓൺ കർമ്മം ബ്ലോക്ക് പഞ്ചായത്തംഗം ബിനു ജോസഫ് നിർവഹിച്ചു. പതിമൂന്നാം വാർഡിലെ എൺപത്തിയഞ്ചാം നമ്പർ അങ്കണവാടിയിലെ വയോജനങ്ങൾക്കാണ് മല്ലപ്പള്ളി ബ്ലോക്കിൽ നിന്നും ടി.വി അനുവദിച്ചത്. വയോജനങ്ങൾക്ക് പുസ്തകങ്ങളുമായി കൂട്ടുകൂടാനും, അവരുടെ മാനസികോല്ലാസവും ലക്ഷ്യമിട്ടാണ് പഞ്ചായത്ത് വയോജനക്ലബ് രൂപീകരിച്ചത്. ബ്ലോക്കിൽ ഇരുപത്തിയാറ് വയോജനക്ലബ്ബുകളാണുള്ളത്. ഈ ക്ലബ്ബുകൾ കേന്ദ്രീകരിച്ചാണ് വായനാമുറി പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടങ്ങളുള്ള അംഗൻവാടികളിലാണ് വയോജനക്ലബ്ബുകൾ പ്രവർത്തിക്കുന്നത്. കുട്ടികളുടെ പഠനസമയത്തിന് ശേഷമുള്ള വൈകുന്നേരങ്ങളിലാണ് ക്ലബിന്റെ കൂട്ടായ്മ. പാടുവാനും, സംസാരിക്കുനാവും വേദിയാവുകയാണ് ക്ലബ്ബ്. വായിക്കുവാൻ പുസ്തകങ്ങളും വിനോദത്തിനായി ചെസ് ബോർഡ്, കാരംസ് ബോർഡ് എന്നിവയും ഇപ്പോൾ ആഴ്ചയിലൊരിക്കൽ ടി.വി കാണാനുള്ള സൗകര്യവും ഒരുക്കി. വിനോദത്തിനൊപ്പം തന്നെ വയോജനങ്ങളുടെ ആരോഗ്യവും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കാണ് ക്ലബ് മുൻകൈയ്യെടുക്കുന്നത്. അതിനായി ആരോഗ്യവകുപ്പിന്റെ കീഴിൽ ക്ലാസുകളും വൈദ്യപരിശോധനയും നടത്തി വരുന്നു. സാമൂഹ്യപ്രവർത്തകർ നയിക്കുന്ന ക്ലാസുകളും, വിനോദയാത്ര

യും പദ്ധതിയിലുൾപ്പെടുത്താനാണ് തീരുമാനം. ഒരു ബ്ലോക്ക് ഡിവിഷനിൽ രണ്ട് വയോജനക്ലബ്ബ് എന്ന നിലയിൽ ബ്ലോക്കിലെ 13 ഡിവിഷനുകളിലായി ഇരുപത്തിയാറ് ക്ലബ്ബുകളാണ് പ്രവർത്തിക്കുന്നത്. ക്ലബ്ബിൽ ഇതിനോടകം നൂറോളം പേർ അംഗങ്ങളായിക്കഴിഞ്ഞു.

ഗ്രാമപഞ്ചായത്തംഗം ആനി രാജു അധ്യക്ഷത വഹിച്ച ചടങ്ങിൽ അങ്കണവാടി വർക്കർ അജിമോൾ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സുജാത, തങ്കമ്മ , ടി.പി ജോൺ, ശ്യാമള എന്നിവർ പങ്കെടുത്തു. (പിഎൻപി 2021/18)

## കാലവർഷം: ജില്ലയിൽ 2.97 കോടി രൂപയുടെ നാശനഷ്ടം; 8059 പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ

ജില്ലയിൽ ഒരാഴ്ചയിലധികമായി തുടരുന്ന മഴക്കെടുതിയിൽ 2.97 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായി. വീടുകൾ തകർന്നതിലൂടെ 60.97 ലക്ഷം രൂപയും കൃഷിനാശം മൂലം 1.86 കോടി രൂപയും വൈദ്യുതി പോസ്റ്റുകൾ തകർന്നതിലൂടെ 50 ലക്ഷം രൂപയുമാണ് നാശനഷ്ടം കണക്കാക്കിയിട്ടുള്ളത്. ജില്ലയിലെ 98 ദുരിതാശ്വാസ ക്യാമ്പുകളിലായി 2182 കുടുംബങ്ങളിൽപ്പെട്ട 8059 പേർ കഴിയുന്നു. തിരുവല്ല താലൂക്കിലാണ് ഏറ്റവും കൂടുത ൽ ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. 87 എണ്ണം. ഇവിടെ 1930 കുടുംബങ്ങളിൽപ്പെട്ട 7300 പേരാണ് കഴിയുന്നത്. അടൂർ താലൂക്കിലെ മൂന്ന് ക്യാമ്പുകളിലായി 111 കുടുംബങ്ങളിലെ 294 പേരും കോഴഞ്ചേരി താലൂക്കിൽ ഏഴ് ക്യാമ്പുകളിലായി 140 കുടുംബങ്ങളിലെ 460 പേരും മല്ലപ്പള്ളി താലൂക്കിലെ ഒരു ക്യാമ്പിൽ ഒരു കുടുംബത്തിലെ അഞ്ച് പേരും കഴിയുന്നു. ഇതുവരെ നാല് വീടുകൾ പൂർണമായും 205 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്.

(പിഎൻപി 2022/18)

## തിരുവല്ല - ചങ്ങനാശേരി കുടിവെള്ള പദ്ധതി വിപുലീകരണം ശിലാസ്ഥാപനം ഇന്ന് (21)

തിരുവല്ല-ചങ്ങനാശേരി കുടിവെള്ള പദ്ധതിയുടെ നവീകരണത്തിന്റെയും വിപുലീകരണത്തിന്റെയും ഉദ്ഘാടനം ഇന്ന് (21) തിരുവല്ലയിലെ വാട്ടർ അതോറിറ്റി ഓഫീസ് അങ്കണത്തിൽ ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസ് നിർവഹിക്കും. കിഫ്ബിയിൽ നിന്നും അനുവദിച്ച 58 കോടി രൂപ ഉപയോഗിച്ചാണ് പദ്ധതി വിപുലീകരിക്കുന്നത്. 1500 ചതുരശ്രമീറ്ററിലധികം വിസ്തീർണമുള്ള ഓഫീസ് സമുച്ചയം, 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി, അനുബന്ധ പ്രവർത്തികൾ എന്നിവയ്ക്കുള്ള തുകയും വകയിരുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പത്തനംതിട്ട സർക്കിൾ ഓഫീസ് ഉൾപ്പെടെ ഈ മന്ദിരത്തിലേക്ക് മാറ്റുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കും.

(പിഎൻപി 2023/18)

## ഫോട്ടോ അടിക്കുറിപ്പ്

ഹരിതകേരളം മിഷൻ തദ്ദേശ സ്ഥാപന കോ-ഓർഡിനേറ്റർമാർക്കുള്ള ഏകദിന ശിൽപശാല കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് ഉദ്ഘാടനം ചെയ്യുന്നു.






ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്